# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 12

# വാർത്താക്കുറിപ്പ്

## എം.ജി. കൊല്ലം പരീക്ഷ കേന്ദ്രത്തിലെ പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല കൊല്ലം ചവറ ഗവൺമെൻ്റ് കോളേജിൽ ഇന്ന് (ജൂലൈ 13, തിങ്കളാഴ്ച) മുതൽ നടത്താനിരുന്ന എല്ലാ പരീക്ഷകളും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ മാറ്റിവച്ചു. കോവിഡ് 19 വ്യാപനത്തെ തുടർന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ് പരീക്ഷ കേന്ദ്രത്തിലെ പരീക്ഷകളും നേരത്തേ മാറ്റിവച്ചിരുന്നു.

## പരീക്ഷ കേന്ദ്രം മാറ്റം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ എറണാകുളത്തെ കൊച്ചിൻ കോളേജിൽ പരീക്ഷ എഴുതേണ്ട വിദ്യാർഥികൾ ഇന്ന് (ജൂലൈ 13, തിങ്കളാഴ്ച) മുതൽ തൃക്കാക്കര ഭാരത് മാതാ കോളേജിൽ പരീക്ഷ എഴുതണം. കോഴിക്കോട് മീഞ്ചന്ത ഗവൺമെന്റ് കോളേജ്, ആലുവ യു. സി. കോളേജ്, നോർത്ത് പറവൂർ എസ്.എൻ.ജി.എസ്.റ്റി. എന്നിവിടങ്ങളിൽ ഇന്ന് (ജൂലൈ 13, തിങ്കളാഴ്ച) മുതൽ നടത്താനിരുന്ന പരീക്ഷകൾ യഥാക്രമം കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ്, തൃക്കാക്കര ഭാരത് മാതാ കോളേജ്, കുന്നുകര എം.ഇ.എസ്. കോളേജ് എന്നിവിടങ്ങളിൽ നടക്കും. മറ്റു പരീക്ഷാ കേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല. മറ്റൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ പുതിയ കേന്ദ്രങ്ങൾ തുടരും.

(പി.ആർ.ഒ/39/719/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ